**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2209** **16-03-2022 - ൽ മറുപടിയ്ക്ക്**

**പ്രസവത്തെത്തുടർന്നുണ്ടാകുന്ന ആരോഗ്യപ്രശ്നങ്ങൾ പരിഹരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | null<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | പ്രസവത്തെത്തുടർന്ന് മരണപ്പെട്ട വട്ടോളിയിലെ ദിബിഷയുടെ കുടുംബത്തിന് നീതി ലഭിക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കാമോ; അന്വേഷണം ഏതുഘട്ടത്തിലാണെന്ന് അറിയിക്കാമോ; | (എ) | മലാപ്പറമ്പ് ഇക്ര എന്ന സ്വകാര്യ ആശുപത്രിയിൽ വെച്ചാണ് ദിബിഷ എന്ന യുവതി പ്രസവത്തെത്തുടർന്ന് മരണപ്പെട്ടത്. ആരോഗ്യ വകുപ്പിൽ ഇത് സംബന്ധിച്ച അന്വേഷണങ്ങൾ നടക്കുന്നില്ല. |
| (ബി) | ദിബിഷയുടെ മരണത്തിനുത്തരവാദികളായവർക്കെതിരെ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നത് എന്നറിയിക്കാമോ; | (ബി) | മലാപ്പറമ്പ് ഇക്ര എന്ന സ്വകാര്യ ആശുപത്രിയിൽ വെച്ചാണ് ദിബിഷ എന്ന യുവതി പ്രസവത്തെത്തുടർന്ന് മരണപ്പെട്ടത്. ആരോഗ്യ വകുപ്പിൽ ഇത് സംബന്ധിച്ച അന്വേഷണങ്ങൾ നടക്കുന്നില്ല. |
| (സി) | പ്രസവത്തെത്തുടർന്നുള്ള ആരോഗ്യപ്രശ്നങ്ങൾ തരണം ചെയ്യുന്നതിന് എന്തൊക്കെ സംവിധാനങ്ങൾ ആണ് കോഴിക്കോട് ജില്ലയിലെ ആരോഗ്യ കേന്ദ്രങ്ങളിൽ ഏർപ്പെടുത്തിയത് എന്ന് അറിയിക്കാമോ? | (സി) | പ്രസവം നടക്കുന്ന സർക്കാർ ആശുപത്രികളിലെ മെഡിക്കൽ/ പാരാമെഡിക്കൽ ജീവനക്കാർക്ക് പുതുക്കിയ പരിശീലനം നൽകി വരുന്നു. ജില്ലയിലെ എല്ലാ ഡെലിവറി പോയിന്റ്സിന്റെയും ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് ലക്ഷ്യ പദ്ധതി സ്ത്രീകളുടെയും കുട്ടികളുടെയും സർക്കാർ ആശുപത്രി, ഗവൺമെന്റ് ജനറൽ ആശുപത്രി എന്നീ സ്ഥാപനങ്ങളിൽ നടപ്പാക്കിയിട്ടുണ്ട്. മാതൃശിശു സംരക്ഷണ കേന്ദ്രത്തിൽ ലക്ഷ്യ അംഗീകാരത്തിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. പ്രസവാനന്തര ശുശ്രൂഷ സംബന്ധിച്ച് പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിനായി എല്ലാ മാസവും ഗൈനക്കോളജി ഡോക്ടർമാരുടെ യോഗം നടത്തി വരുന്നു. പ്രസവം നടന്ന എല്ലാ വീടുകളിലും ജെ.പി.എച്ച്.എൻ, ആശാ വർക്കർ എന്നിവരുടെ നേതൃത്വത്തിൽ Post Natal Visit നടത്തി വരുന്നു. അമ്മയുടെയും കുഞ്ഞിന്റെയും ആരോഗ്യ സ്ഥിതി മെച്ചപ്പെടുത്തുന്നതിനായി വിവിധ ആരോഗ്യ ബോധവൽക്കരണ പരിപാടികൾ നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ